# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2270 18.12.2012 ലെ മറുപടിക്ക്

### സംസ്ഥാനത്തെ ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സാജു പോൾ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ താളം തെറ്റിയതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജലഗതാഗത വകുപ്പിന്റെ നിലവിലുള്ള എല്ലാ സർവ്വീസുകളും പരാതികൾക്ക് ഇടയില്ലാത്ത വിധം പരമാവധി കാര്യക്ഷമമായും സമയബന്ധിതമായും നടത്തുന്നതിനുള്ള യാർഡ്, സ്ലിപ് വേ, വർക്ക്ഷോപ്പ് സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് മുടക്കം വലിയ ഒരളവുവരെ പരിഹരിക്കുവാനും, ജനങ്ങളുടെ യാത്രാ ക്ലേശം കുറയ്ക്കുവാനും സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വകുപ്പിനെ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനും, കൂടുതൽ ഷെഡ്യൂൾ ആരംഭിക്കുന്നതിനും, ബോട്ടുകളുടെയും, റൂട്ടുകളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ബി) | വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നാല് ബോട്ടുകൾ ഒരേ സമയം കയറ്റിവച്ച് പണിയാവുന്ന പുതിയ സ്ലിപ് വേ ആലപ്പുഴയിൽ പണിപൂർത്തിയാക്കിക്കഴിഞ്ഞു. കൂടാതെ നിലവിലുണ്ടായിരുന്ന ആലപ്പുഴ, എറണാകുളം സ്ലിപ്പ് വേകളിൽ ബോട്ടുകൾ കയറ്റുന്നതിന്, ഇലക്ട്രിക് വിഞ്ച് സ്ഥാപിച്ചതോടുകൂടി ഖലാസികളുടെ സഹായമില്ലാതെ തന്നെ ബോട്ടുകൾ വേഗത്തിൽ കയറ്റുന്നതിനും, റിപ്പയർ പണികൾ ത്വരിതപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. പുതിയ മൂന്ന് സർവ്വീസുകൾ കൂടി ആരംഭിച്ചുകൊണ്ട് നിലവിൽ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെയെല്ലാം സേവനം പൂർണ്ണമായും ഉപയോഗപ്പെടുത്തി സർവ്വീസ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ